**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6463** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ സമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിദ്യാർത്ഥികളുടെ 2022-23 വർഷം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. 2024 -25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തു. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകുകയും ആ തുക ചെലവഴിച്ച് വരികയുമാണ്. |
| (ബി) | വിദേശത്ത് വിദ്യാഭ്യാസം ചെയ്യുവാൻ ആഗ്രഹിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ സമുദായ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എംഫിൽ/ പി.എച്ച്.ഡി കോഴ്സുകളിൽ ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾക്ക് സർക്കാർ ഏജൻസിയായ ODEPC വഴിയാണ് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് നൽകി വരുന്നത്. ഓരോ അധ്യയന വർഷവും 12 ലക്ഷം രൂപാ വരെ വാർഷിക വരുമാനമുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25 ലക്ഷം രൂപയും, 12 ലക്ഷം-20 ലക്ഷത്തിന് താഴെ വാർഷിക വരുമാനമുള്ള 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 20ലക്ഷം രൂപയും, 20 ലക്ഷത്തിനു മുകളിൽ വാർഷിക |

| | | | |
|---|---|---|---|
| | | | വരുമാനമുള്ള 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പേർക്ക് 15 ലക്ഷം രൂപയും സ്കോളർഷിപ്പായി നൽകി വരുന്നു. വരുമാന പരിധിയില്ലാതെ 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപ സ്കോളർഷിപ്പായി നൽകി വരുന്നു.<br><br>വിദേശ പഠനത്തിനായി സെലക്ഷൻ കമ്മിറ്റിയിൽ അംഗീകാരം ലഭിക്കുന്ന വിദ്യാർത്ഥികളുടെ അഡ്മിഷൻ ഉറപ്പാക്കുന്നതിനായി 25% തുക മുൻകൂറായി ODEPCനു അനുവദിക്കുന്നു. ഇതിന്റെ വിനിയോഗ വിവരം ലഭ്യമാക്കുന്ന മുറക്ക് അടുത്ത ഘട്ടം തുക അനുവദിച്ചു നൽകുന്നു. |

സെക്ഷൻ ഓഫീസർ